**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** | **05-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി അഗ്രി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരിയിൽ ആരംഭിക്കാൻ തീരുമാനിച്ച അഗ്രി ഫാമിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | • 2021-22 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ച 'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതി മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനു വേണ്ട നിർദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ കൃഷിവകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ വിഹിതമാണ്. |
| (ബി) | അഗ്രിഫാഠ ആരംഭിക്കാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | (ബി) | 'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതിക്കായി 2021-22 ലെയും 2022-23 ലെയും കൃഷിവകുപ്പിന്റെ ബജറ്റുകളിൽ പ്രത്യേകമായി തുക വകയിരുത്താതിരുന്നതുകൊണ്ടാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാതിരുന്നത്. കൃഷിവകുപ്പിന്റെ വാർഷിക പദ്ധതികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രൊജെക്ടുകളുടെയും ഭാഗമായി മുണ്ടേരി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ